ഖാദി ബോർഡിന്റെ കീഴിലുള്ള സഹകരണ സംഘങ്ങൾ

* 209 [224] ശ്രീ. ജി. പി. മംഗലത്തുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഖാദിബോർഡിന്റെ കീഴിൽ എത്ര സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) എത്ര സംഘങ്ങൾ കാര്യക്ഷമമായി പ്രവർത്തനം നടത്തുന്നുണ്ട്;

(സി) കാര്യക്ഷമമായി പ്രവർത്തനം നടത്താത്ത സൊസൈറ്റികളെക്കുറിച്ച് വിശദമായ ഒരന്വേഷണം നടത്താൻ ഗവൺമെന്റ് തയ്യാറാകുമോ?

വ്യവസായവും വനവും വകുപ്പു മന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ):

(എ) കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ കീഴിൽ 31-3-1978 വരെ 1439 സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 788 സംഘങ്ങൾ.

(സി) ഖാദി ബോർഡിന്റെ കീഴിലുള്ള സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തെപ്പറ്റി പഠനം നടത്തി, അവ പുനരുദ്ധരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഗവൺമെന്റ് ഒരു കമ്മീഷനെ നിയമിച്ചിട്ടുണ്ട്.

ജില്ലാ വ്യവസായ കേന്ദ്രങ്ങൾ

* 210 [225] ശ്രീ. ആര്യാടൻ മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിൽ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്;

(ബി) ജില്ലാ വ്യവസായ കേന്ദ്രങ്ങൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കാൻ എന്തെങ്കിലും നടപടികൾ സർക്കാരിനുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തനം എത്രത്തോളമായി?

വ്യവസായവും വനവും വകുപ്പു മന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ):

(എ) പതിനൊന്നു ജില്ലകളിലും ജില്ലാ വ്യവസായ കേന്ദ്രങ്ങൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) തിരുവനന്തപുരം, എറണാകുളം എന്നീ ജില്ലകളിൽ യഥാക്രമം സിഡ്കോ, കെ. എഫ്. സി. എന്നീ സ്ഥാപനങ്ങൾ സ്വന്തമായി നിർമ്മിക്കുന്ന ഓഫീസ് മന്ദിരങ്ങളിൽ ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ ഓഫീസുകൂടെ ഉൾക്കൊള്ളിച്ചു നിർമ്മിക്കുന്നതിന് ഗവൺമെന്റ് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

കോഴിക്കോട് ജില്ലയിൽ വ്യവസായ വകുപ്പിന്റെ സ്വന്തം സ്ഥലത്തു തന്നെ ഓഫീസു കെട്ടിടം പണിയുന്നതിനായി 26-5-1978-ൽ തറക്കല്ലിടുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly